### നമ്മുടെ സർവകലാശാലകളിൽ സംഭവിക്കുന്നത്

# അലക്ഷ്യം, ഗവേഷണം

ഡോ.ജോസ് ചാത്തുകുളം,
ഡോ.ഗംഗൻ പ്രതാപ്




ശാസ്ത്ര, ഗവേഷണ മേഖലകളിലെ മികവിന്റെ അടിസ്ഥാനത്തിൽ സ്റ്റാൻഫഡ് സർവകലാശാല 1,59,683 ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി തയാറാക്കിയ പട്ടികയിൽ ഇന്ത്യയിൽ നിന്ന് 1499 പേർ; കേരളത്തിന്റെ സംഭാവന 57. നമ്മുടെ യൂണിവേഴ്സിറ്റികളിൽ ഗവേഷണം നടത്തി ലിസ്റ്റിൽ ഇടം നേടിയവരാകട്ടെ, കേരളത്തിൽ നിന്ന് ആകെയുള്ളവരിൽ 12%ൽ താഴെ മാത്രം. ഒരാളെപ്പോലും സംഭാവന ചെയ്യാത്ത മുൻനിര സർവകലാശാലകൾ ഒട്ടേറെ. ഗവേഷണ രംഗത്ത് സ്വകാര്യ മേഖല വഹിക്കുന്ന പങ്കു പോലും കേരളത്തിലെ യൂണിവേഴ്സിറ്റികളുടേതായി ഉണ്ടാകുന്നില്ല എന്ന ചിത്രമാണ് ഇതിൽനിന്നു തെളിയുന്നത്.

യുഎസിലെ സ്റ്റാൻഫഡ് സർവകലാശാല ലോകത്തെ സമുന്നതരായ ശാസ്ത്രജ്ഞരുടെ റാങ്ക് പട്ടിക തയാറാക്കി. പ്രഫ. ജോൺ ഇയോനിഡീസിന്റെ നേതൃത്വത്തിലുള്ള സംഘമാണ് ഈ ഉദ്യമത്തിനു പിന്നിൽ. ശാസ്ത്രഗവേഷകർക്ക് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ വിപുലമായ റാങ്കിങ് നടത്തിയത് ആദ്യമായാണ്. ലോകത്തിലെ 79,84,150 ശാസ്ത്രജ്ഞരെ വിലയിരുത്തി, വിവിധ രാജ്യങ്ങളിലെ ഉയർന്ന റാങ്കിലുള്ള 2% പേരെയാണ് ഈ പട്ടികയിൽ ഉൾപ്പെടുത്തിയത്. ഇവരുടെ ആകെ എണ്ണം 1,59,683. റാങ്കിങ്ങിനായി ഗവേഷണരംഗത്തെ പ്രവർത്തനത്തെ അടിസ്ഥാനമാക്കി സൂചികയും തയാറാക്കി. പ്രസിദ്ധീകരിച്ച പ്രബന്ധങ്ങളുടെ എണ്ണം, പ്രസ്തുത പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ച ജേണലുകളുടെ നിലവാരം, മറ്റുള്ളവർ റഫർ ചെയ്തതിന്റെ കണക്ക് തുടങ്ങിയവ അടിസ്ഥാനമാക്കിയാണ് റാങ്ക് സൂചിക തയാറാക്കിയത്.

സ്റ്റാൻഫഡ് സർവകലാശാല തയാറാക്കിയ പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഇന്ത്യയിൽ നിന്ന് 1499 ശാസ്ത്രജ്ഞരാണ് ഉൾപ്പെട്ടിട്ടുള്ളത്. അതാകട്ടെ ആകെ റാങ്ക് ചെയ്യപ്പെട്ട ശാസ്ത്രജ്ഞരുടെ ഒരു ശതമാനത്തിനടുത്താണ്. കേരളത്തിലെ ശാസ്ത്ര-ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും, യൂണിവേഴ്സിറ്റികളിൽ നിന്നും ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത് കേവലം 57 പേർ. ഇതാകട്ടെ ഇന്ത്യയിൽ നിന്നു റാങ്ക് ചെയ്യപ്പെട്ട ശാസ്ത്രജ്ഞരുടെ നാലു ശതമാനത്തിൽ താഴെ മാത്രം.

## കേരളത്തിന്റെ സ്ഥാനം

കേരളത്തിൽ നിന്ന്, മികച്ച ശാസ്ത്രജ്ഞരുടെ റാങ്കിൽ ഉൾപ്പെട്ട 57 പേരിൽ 60 ശതമാനവും വിവിധ ദേശീയ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നുള്ളവരാണ്. ഇതിൽ തന്നെ 14 പേർ തിരുവനന്തപുരം നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് & ടെക്നോളജിയിൽ നിന്നുള്ളവരാണ്. തിരുവനന്തപുരത്തെ മറ്റൊരു പ്രസിദ്ധ സ്ഥാപനമായ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ നിന്നു നാലു ശാസ്ത്രജ്ഞർക്കു മാത്രമാണ് ഇടം ലഭിച്ചത്. കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികളിൽ ഗവേഷണം നടത്തി ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത് 12 ശതമാനത്തിൽ താഴെ മാത്രം ഗവേഷകരാണ്. അതേസമയം, 6% പേർ വിവിധ കോളജുകളെ പ്രതിനിധീകരിക്കുന്ന ശാസ്ത്രജ്ഞരാണ്. ഈ റാങ്ക് ലിസ്റ്റ് പരിശോധിക്കുമ്പോൾ വെളിവാകുന്ന പ്രധാന വസ്തുത ഏതാണ്ട് 22% ശാസ്ത്രജ്ഞർ സ്വകാര്യസ്ഥാപനങ്ങളിൽ ഗവേഷണം നടത്തുന്നവരാണ് എന്നതാണ്; പ്രത്യേകിച്ച് മെഡിക്കൽ രംഗത്തു നിന്നുള്ളവർ.

## അനാരോഗ്യ ഗവേഷണം

നമ്മുടെ മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്ന് ആരും ഈ ലിസ്റ്റിൽ ഉൾപ്പെടുന്നില്ല എന്നത് എടുത്തുപറയേണ്ട വസ്തുതയാണ്. ഇതു വിരൽ ചൂണ്ടുന്നത് മെഡിക്കൽ രംഗത്തെ ഗവേഷണ തൽപരതയിൽ ആരോഗ്യരംഗത്തുള്ളവരുടെ താൽപര്യക്കുറവിനെയോ മൂല്യശോഷണത്തെയോ ആണെന്നു പറയേണ്ടിവരും. ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിർത്തലാക്കുകയും ഉയർന്ന വേതനം ഉറപ്പാക്കുകയും ചെയ്തുവെങ്കിലും നമ്മുടെ മെഡിക്കൽ കോളജുകളിൽ നിന്ന് ആരും തന്നെ ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഈ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഒട്ടുംതന്നെ ഉയർന്നിട്ടില്ല എന്നു വിലയിരുത്തേണ്ടി വരും. അതുപോലെത്തന്നെ ആരോഗ്യരംഗത്തെ ഗവേഷണങ്ങളുടെ കാര്യത്തിൽ സർക്കാർ മേഖല വളരെയധികം പിന്നാക്കമാണ്.



## സ്വകാര്യ മേഖല മുന്നിൽ

സ്വകാര്യമേഖലയിൽ നിന്നുള്ള സ്ഥാപനങ്ങൾ പ്രധാനമായും അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, രാജഗിരി ബിസിനസ് സ്കൂൾ, അമല കാൻസർ ഹോസ്പിറ്റൽ & റിസർച് സെന്റർ തുടങ്ങിയവയാണ്. കൂടാതെ കാലടി ശ്രീ ശങ്കര കോളജ്, തിരുവനന്തപുരം മാർ ഇവാനിയോസ് കോളജ്, കോട്ടയം സിഎംഎസ് കോളജ് എന്നീ സ്വകാര്യസ്ഥാപനങ്ങളിൽ നിന്ന് ഓരോരുത്തർ വീതം ലിസ്റ്റിൽ ഇടം പിടിച്ചിട്ടുണ്ട്. ഈ വിശകലനത്തിൽ നിന്നു പ്രധാനമായും മനസ്സിലാക്കേണ്ടത് സ്വകാര്യ മേഖല വഹിക്കുന്ന പങ്കുപോലും കേരളത്തിലെ യൂണിവേഴ്സിറ്റികൾക്കു സാധിക്കുന്നില്ല എന്നുള്ളതാണ്.

ഈ 57 പേരുടെ ലിസ്റ്റിൽ ഒരാൾപോലും കണ്ണൂർ സർവകലാശാല, കാർഷിക സർവകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, മെഡിക്കൽ സർവകലാശാല, ശ്രീ ശങ്കര സർവകലാശാല, കാസർകോട് സെൻട്രൽ സർവകലാശാല തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഇല്ല എന്നത് ഉന്നതവിദ്യാഭ്യാസ രംഗത്തു നാം നേരിടുന്ന നിലവാരത്തകർച്ചയിലേക്കാണു വിരൽ ചൂണ്ടുന്നത്. പാലക്കാട് ഐഐടി സ്ഥാപിക്കുന്നതിനു മുൻപു വരെ 'കേരളത്തിലെ ഐഐടി' എന്നറിയപ്പെട്ടിരുന്ന സിഇടി(കോളജ് ഓഫ് എൻജിനീയറിങ്, തിരുവനന്തപുരം)യിൽ നിന്ന് ഒരാൾ പോലും ലിസ്റ്റിൽ ഇടം നേടിയില്ല.

## പാഴാകുന്ന പണം

ഓരോ വർഷവും കോടിക്കണക്കിനു രൂപയാണ് കേരളത്തിലെ ഓരോ സർവകലാശാലയുടെയും പ്രവർത്തനങ്ങൾക്കു വേണ്ടി പൊതുഖജനാവിൽ നിന്നു മുടക്കുന്നത്. അതനുസരിച്ചുള്ള ഗുണഫലം നമുക്കു ലഭിക്കുന്നുണ്ടോ എന്നതു സംശയകരമാണ്. ഇതിനുള്ള പ്രധാനകാരണം കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയാണ്. അതുതന്നെയാണ് ഈ റാങ്ക് ലിസ്റ്റിൽ പ്രതിഫലിക്കുന്നതും. ഉദാഹരണത്തിന്, 1971ൽ സ്ഥാപിതമായ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയ്ക്ക് ലാബ് വികസനത്തിനു മാത്രം സർക്കാർ കിഫ്ബിയിൽ നിന്ന് അനുവദിച്ചത് 200 കോടി രൂപയാണ്. എന്നാൽ പ്രസ്തുത സർവകലാശാലയിൽ ഗവേഷണം നടത്തുന്ന ഒരാൾക്കു പോലും ഈ ഉയർന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ സാധിച്ചില്ല. അതു തന്നെയാണ് 1971ൽ സ്ഥാപിതമായ കേരള കാർഷിക സർവകലാശാലയുടെ സ്ഥിതിയും.

കേരളത്തിലെ പ്രാഥമിക വിദ്യാഭ്യാസരംഗവും ഉന്നതവിദ്യാഭ്യാസ മേഖലയും തമ്മിൽ താരതമ്യം ചെയ്താൽ പ്രാഥമിക വിദ്യാഭ്യാസരംഗം അൽപം മുന്നിലാണെന്നു പറയേണ്ടി വരും. ഈ മേൽക്കൈ പക്ഷേ, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കില്ല. അതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് സ്റ്റാൻഫഡ് സർവകലാശാല പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ പങ്കാളിത്തം. കേരളത്തിൽ നിന്ന് ഉയർന്ന റാങ്കുള്ള ശാസ്ത്രജ്ഞരുടെ ലിസ്റ്റിൽ കാലിക്കറ്റ് സർവകലാശാലയിൽ നിന്നു കേവലം രണ്ടു പേരും മഹാത്മാഗാന്ധി സർവകലാശാല, കേരള സർവകലാശാല എന്നിവയിൽ നിന്ന് ഓരോരുത്തരും മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. യുജിസി മാനദണ്ഡ പ്രകാരം ഉയർന്ന വേതനം ലഭിക്കുന്നുണ്ടെങ്കിലും ഗവേഷണരംഗത്ത് നമ്മുടെ സർവകലാശാലാ അധ്യാപകർ വളരെ പിന്നാക്കമാണ്. 'ഗവേഷണപ്രവർത്തനങ്ങൾ വൈകിട്ട് 5 മണിക്കു ശേഷമാണു നടക്കുന്നത്' എന്നാണു പൊതുവേ പറയുന്നത്. എന്നാൽ നമ്മുടെ സർവകലാശാലകളിൽ നാലു മണിക്കു തന്നെ താഴു വീഴുന്ന അവസ്ഥയാണുള്ളത്.

## വേണം, സോഷ്യൽ ഓഡിറ്റ്

ഉയർന്ന വിദ്യാഭ്യാസ സൗകര്യം അവകാശപ്പെടുകയും അഭിമാനിക്കുകയും ചെയ്യുന്ന നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതി ദയനീയമാകുന്നതിനുള്ള പ്രധാന കാരണങ്ങളിലൊന്ന് രാഷ്ട്രീയ അതിപ്രസരമാണെന്നു പറയേണ്ടിവരും. ഈ ശോചനീയ അവസ്ഥയിൽ നിന്നു പുറത്തുകടക്കണമെങ്കിൽ ഈ രംഗത്തെ അമിതമായ രാഷ്ട്രീയ ഇടപെടലുകൾ അവസാനിപ്പിക്കുകയും സർവകലാശാലകളെയും ഗവേഷണ സ്ഥാപനങ്ങളെയും സ്വതന്ത്രമായി പ്രവർത്തിക്കുന്നതിന് അനുവദിക്കുകയും വേണം. അതിലുപരി നമ്മുടെ അക്കാദമിക രംഗത്തുള്ളവർ, ലഭിക്കുന്ന ഉയർന്ന വേതനത്തിനനുസരിച്ച് സ്വന്തം കർമരംഗത്തു ശോഭിക്കുന്നതിനു തങ്ങൾക്കു സാധിക്കുന്നുണ്ടോ എന്നു സ്വയം വിലയിരുത്തുന്നതും നന്നായിരിക്കും. സർവകലാശാലകളുടെ പ്രവർത്തനം സോഷ്യൽ ഓഡിറ്റിനു വിധേയമാക്കേണ്ടതും അത്യന്താപേക്ഷിതമാണ്. ചില വിഷയങ്ങളിൽ നമ്മുടെ ശാസ്ത്രജ്ഞർ വളരെയധികം പിന്നാക്കമാണെന്നും ഈ റാങ്ക് പട്ടിക സാക്ഷ്യപ്പെടുത്തുന്നു. ചുരുക്കിപ്പറഞ്ഞാൽ ഉന്നതവിദ്യാഭ്യാസ രംഗത്തെയും ഗവേഷണ രംഗത്തെയും നമ്മുടെ ശക്തിദൗർബല്യങ്ങൾ വിലയിരുത്തി ആവശ്യമായ തെറ്റുതിരുത്തൽ നടപടികൾ സ്വീകരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

*(ഡോ.ജോസ് ചാത്തുകുളം, ബെംഗളൂരു ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ആൻഡ് ഇക്കണോമിക് ചെയ്ഞ്ചിൽ പ്രഫസറാണ്.*

*ഡോ. ഗംഗൻ പ്രതാപ്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല മുൻ വിസിയും എ.പി.ജെ അബ്ദുൽ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ഓണററി പ്രഫസറും ഭട്നാഗർ പുരസ്കാര ജേതാവുമാണ്).*

### മാതൃകയായി ജിസിസി രാജ്യങ്ങൾ

ഗൾഫ് സഹകരണ കൗൺസിലിൽ (ജിസിസി) അംഗങ്ങളായ 5 രാജ്യങ്ങളിൽ നിന്നുള്ള ശാസ്ത്രജ്ഞരുടെ പങ്കാളിത്തം ശ്രദ്ധേയമാണ്. കേരളത്തിന്റെ ഭൂവിസ്തൃതിയുടെ മൂന്നിലൊന്നിൽ താഴെ വലുപ്പവും നമ്മുടെ ജനസംഖ്യയുടെ പത്തിലൊന്നിൽ താഴെ മാത്രം ജനസംഖ്യയും വരുന്ന ഖത്തറിൽ നിന്ന് 140 ശാസ്ത്രജ്ഞരാണ് ലോകത്തെ രണ്ടു ശതമാനം വരുന്ന ഉയർന്ന റാങ്കിലുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. കുവൈത്തിൽ നിന്ന് 58 ശാസ്ത്രജ്ഞരും ഒമാനിൽ നിന്ന് 48 പേരും സൗദിയിൽ നിന്ന് 607 പേരും യുഎഇയിൽ നിന്ന് 200 പേരും ഈ ലിസ്റ്റിലുണ്ട്. ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള ഈ ലിസ്റ്റിൽ മലയാളി ശാസ്ത്രജ്ഞരെയും കാണാം.